## കേരള സർക്കാർ

അക്കൗണ്ട്സ് ബി 2/95/2017/ധന

**ധനകാര്യ (അക്കൗണ്ട്സ്-ബി) വകുപ്പ്,**
ഫോൺ : 0471 -2518112, 2518132,
തിരുവനന്തപുരം,
തീയതി:08/11/2017

## ലേല / ടെൻഡർ നോട്ടീസ്

ധനകാര്യ വകുപ്പ് വക 2013 മോഡൽ Mahindra Xylo H8m-Hawk CRDe BSIV 2 (നമ്പർ. KL-01-BM-1320), വാഹനം തിരുവനന്തപുരം കിള്ളിപ്പാലത്തുള്ള എക്സ് സർവ്വീസ് മെൻ വർക്ക്ഷോപ്പ് പരിസരത്തു വച്ച് 27/ 11/ 2017 ൽ 12 മണിയ്ക്ക് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

**നിരത ദ്രവ്യം - 3000/- രൂപ**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസം ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ധനകാര്യ ക്യാഷ് വിഭാഗത്തിൽ ഹാജരായി വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് കൈപ്പറ്റാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (ആധാർ കാർഡ് / വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് / ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി ) നിർബന്ധമായും ഹാജരാക്കേണ്ടതാണ്. വാഹനം ടെൻഡർ വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ടെൻഡർ ഫോമുകൾ **1500+ 12 % GST ( 1680 രൂപ )** നിരക്കിൽ ധനകാര്യ ( അക്കൗണ്ട്സ്-ബി) വകുപ്പിൽ നിന്നും വാങ്ങാവുന്നതാണ്, ടെൻഡർഫോമിന്റെ തുക യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ടെൻഡർ ഫോമുകൾ കൈമാറ്റം ചെയ്യാൻ പാട്ടുള്ളതല്ല. സീൽ ചെയ്ത ടെൻഡറുകൾ, പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), ധനകാര്യ വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 27/11/2017- ൽ 11 മണിക്കകം ധനകാര്യ(അക്കൗണ്ട്സ്-ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, തിരിച്ചറിയൽ രേഖകളുടെ പകർപ്പ് ഇവ അടക്കം ചെയ്യാത്ത ടെൻഡറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ടെൻഡറുകളും പരിഗണിക്കുന്നതല്ല. ലേലം വിളി അവസാനിച്ചാലുടൻ ടെൻഡർ തുറക്കുന്നതും, ലേലത്തിലോ, ടെൻഡറിലോ ഏതിലാണോ കൂടുതൽ

തുക വരുന്നത് ആ വ്യക്തിക്ക് ലേലം/ടെൻഡർ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം/ടെൻഡർ തുകയുടെ നാലിലൊരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേലസ്ഥലത്തു വച്ച് അടയ്ക്കേണ്ടതും, ബാക്കി തുക മൂന്ന് ദിവസത്തിനകം അടച്ച് വാഹനം നീക്കം ചെയ്യേണ്ടതുമാണ്. ടെൻഡർ നൽകുന്ന വ്യക്തികൾ ലേലദിവസം നേരിട്ട് ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ ടെൻഡർ തുകയുടെ നാലിലൊന്ന് ഡിമാന്റ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല. ലേലദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 12-മണിയ്ക്ക് തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെൻഡർ നടപടി റദ്ദ് ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

മിനി.വി.ആർ

ജോയിന്റ് സെക്രട്ടറി(അക്കൗണ്ട്സ്)

1/4